File No.HEDN-K3/278/2018-HEDN

**കേരള സർക്കാർ**

നം:കെ3/278/2018-ഉ.വി.വ

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 16/08/2018

വിഷയം:- ഉന്നത വിദ്യാഭ്യാസം - പ്രളയക്കെടുതി - ഓണാഘോഷത്തിനായി സമാഹരിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകുന്നത് - സംബന്ധിച്ച്.

**<u>സർക്കുലർ</u>**

കേരള സംസ്ഥാനം നാളിതുവരെ കണ്ടിട്ടില്ലാത്തതരത്തിലുള്ള പ്രളയ ദുരന്തമാണ് ഇപ്പോൾ കേരള ജനത അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ഓരോ ദിവസവും നിരവധി പേർക്ക് ജീവഹാനി സംഭവിച്ചുകൊണ്ടിരിക്കുന്നു. ധാരാളം വീടുകളും, കൃഷിയിടങ്ങളും പൂർണ്ണമായി നശിച്ചു. പല പ്രദേശങ്ങളും ഒറ്റപ്പെട്ടു. ചരിത്രത്തിലാദ്യമായി എല്ലാ ഡാമുകളും തുറന്നുവിടേണ്ട സ്ഥിതി വിശേഷമുണ്ടായിരിക്കുന്നു. നിരവധി റോഡുകളും, പാലങ്ങളും ഒലിച്ചു പോയി. ദുരിതങ്ങൾക്കും നാശനഷ്ടങ്ങൾക്കും കണക്കില്ല.

പ്രളയക്കെടുതി അനുഭവിക്കുന്നവർക്ക് സർക്കാർ എല്ലാവിധ സഹായങ്ങളും നിലവിൽ ചെയ്തുകൊണ്ടിരിക്കുന്നു. നിരവധി വ്യക്തികളും സന്നദ്ധ സംഘടനകളും ഈ സംരംഭത്തിൽ സർക്കാരിനോടൊപ്പം പങ്കാളികളായിട്ടുമുണ്ട്. എങ്കിലും, കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും എല്ലാവിധ സഹായ സഹകരണങ്ങളും ഉണ്ടെങ്കിൽ മാത്രമേ, നമുക്ക് നിലവിലെ ഈ ദുരന്തത്തെ അഭിമുഖീകരിക്കുവാൻ സാധിക്കുകയുള്ളൂ.

പ്രളയക്കെടുതിയെത്തുടർന്ന്, സർക്കാർ ഓണവുമായി ബന്ധപ്പെട്ട എല്ലാ ആഘോഷപരിപാടികളും ഉപേക്ഷിച്ചിട്ടുണ്ട്. കൂടാതെ, നിരവധി വ്യക്തികളും, സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും ഓണഘോഷങ്ങൾക്കായി സ്വരൂപിച്ച തുക സർക്കാരിന്റെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനയായി നൽകിയിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ വർഷം ഓണത്തോടനുബന്ധിച്ചുള്ള ആഘോഷ പരിപാടികൾ ഒഴിവാക്കുവാനും, ആയതിലേക്കായി സമാഹരിച്ച തുക, ഇനി സ്വരൂപിക്കുവാൻ കഴിയുന്നത്ര പരമാവധി തുകയും ചേർത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**തരുൺലാൽ. എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും
4. പ്രിൻസിപ്പൽ, ലോ കോളേജ്, തിരുവനന്തപുരം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്
5. നോഡൽ ഓഫീസർ, ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്
6. ഇൻഫർമേഷൻ ഓഫീസർ, ഐ & പി. ആർ. ഡി, ഗവൺമെന്റ് സെക്രട്ടറിയേറ്റ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

**മേലെഴുത്ത് നമ്പർ ജി4/35343/2018/കോ.വി.വ തീയതി 16.08.2018**

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനായും തുടർ നടപടികൾക്കുമായും അറിയിക്കുന്നു.

ഒപ്പ്/-
ഡോ.ഡി.കെ. സതീഷ്
അഡിഷണൽ ഡയറക്ടർ (ഇൻചാർജ്)

പകർപ്പ്:-

1. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾ മാർക്കും
2. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ മാർക്കും (പ്രൈവറ്റ്/എയ്ഡഡ് കോളേജുകളുടെ അറിവിലേയ്ക്കും)

അംഗീകാരത്തോടെ

സൂപ്രണ്ട്

ആർ.ബി. 17.08.18

5124673

GOVERNMENT OF KERALA 2017-18